സ.ഉ.(സാധാ) നം.3134/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സൗത്ത്സോൺ അന്തർ സർവ്വകലാശാല, അഖിലേന്ത്യാ അന്തർ സർവ്വകലാശാല വനിതാ വോളിബോൾ (2022-23) - തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.3134/2022/LSGD തീയതി,തിരുവനന്തപുരം, 19-12-2022

പരാമർശം:- മുരിക്കാശ്ശേരി പാവനാത്മാ കോളേജ് പ്രിൻസിപ്പാളിന്റ കത്ത്.

ഉത്തരവ്

മഹാത്മാ ഗാന്ധി സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം ആതിഥേയത്വം വഹിക്കുന്ന സൗത്ത്സോൺ അന്തർ സർവ്വകലാശാല, അഖിലേന്ത്യാ വനിതാ വോളിബോൾ (2022-23) മത്സരങ്ങൾക്കായി ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി പാവനാത്മാ കോളേജിനെ തിരഞ്ഞെടുത്തുവെന്നും സൗത്ത് ഇന്ത്യാതല മത്സരത്തിൽ 75 ടീമുകളും ജനുവരി 1 മുതൽ 6 വരെ നടക്കുന്ന അഖിലേന്ത്യാ മത്സരത്തിൽ 16 ടീമുകളും പങ്കെടുക്കുന്നു എന്നും 10 ദിവസം നീണ്ടുനില്ക്കുന്ന മത്സരത്തിന് 30 ലക്ഷം രൂപയെങ്കിലും ചിലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ഈ തുക കണ്ടെത്തുന്നതിന് ഇടുക്കി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കണമെന്നും പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ നടക്കുന്ന സൗത്ത്സോൺ അന്തർ സർവ്വകലാശാല, അഖിലേന്ത്യാ അന്തർ സർവ്വകലാശാല വനിതാ വോളിബോൾ (2022-23) മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിനായി ഇടുക്കി ജില്ലയിലെ നഗരസഭകളിൽ നിന്നും 25,000/- രൂപ(ഇരുപത്തയ്യായിരം രൂപ) വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ(പതിനായിരം രൂപ) വീതവും തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ്/സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sheeba Beegom.a.m
Date: 19-12-2022 15:06:20
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എക്ക്